**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1554 | 02/07/2015-ൽ മറുപടിയ്ക്ക്

**പച്ചക്കറി വിപണന സ്ഥാപനങ്ങൾ**

**ചോദ്യം** | **മറുപടി**

ശ്രീ. പി. തിലോത്തമൻ

**ശ്രീ.കെ.പി.മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

എ) കാർഷികോല്പന്നങ്ങളും പച്ചക്കറികളും വിപണനം നടത്തുന്ന എത്ര സ്ഥാപനങ്ങൾ സർക്കാരിന്റെ കീഴിലും സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുടെ കീഴിലും ഉണ്ടെന്നു അറിയിക്കമോ; ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

എ) കാർഷികോല്പന്നങ്ങളും പച്ചക്കറികളും വിപണനം നടത്തുന്നതിന് സർക്കാർ നിയന്ത്രണത്തിലുള്ള 6 കാർഷിക മൊത്ത വ്യാപാര വിപണികളും, 5 ജില്ലാ സംഭരണ വിപണന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സർക്കാർ ഏജൻസികളായ വി.എഫ്.പി.സി.കെ യുടെ 270 സ്വാശ്രയ വിപണികളും, ഹോർട്ടികോർപ്പിന്റെ 14 സംഭരണ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | സർക്കാർ നിയന്ത്രണത്തിലുള്ള വിപണികൾ | വി.എഫ്.പി. സി. കെ | ഹോർട്ടികോർപ്പ് |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 2 | 23 | 2 |
| 2 | കൊല്ലം | 1 | 20 | 2 |
| 3 | പത്തനംതിട്ട | - | 17 | 2 |
| 4 | ആലപ്പുഴ | 1 | 12 | 2 |
| 5 | കോട്ടയം | 1 | 24 | 1 |
| 6 | ഇടുക്കി | 1 | 18 | - |
| 7 | എറണാകുളം | 2 | 23 | 1 |
| 8 | തൃശ്ശൂർ | 1 | 26 | 1 |
| 9 | പാലക്കാട് | - | 27 | 1 |
| 10 | മലപ്പുറം | - | 21 | - |
| 11 | കോഴിക്കോട് | 1 | 15 | 1 |
| 12 | വയനാട് | 1 | 21 | - |
| 13 | കണ്ണൂർ | - | 14 | 1 |
| 14 | കാസർഗോഡ് | - | 9 | - |
| | ആകെ | 11 | 270 | 14 |

ബി) പ്രസ്തുത സ്ഥപനങ്ങളിലൂടെ പ്രതിവർഷം നടത്തുന്ന കച്ചവടം എന്തു തുകയുടേതാണെന്നും ഇതിലൂടെ സർക്കാരിന് ലഭിക്കുന്ന ലാഭം എത്രയാണെന്നും വ്യക്തമാക്കാമോ;

ബി) പ്രസ്തുത സ്ഥാപനങ്ങളിലൂടെ പ്രതിവർഷം 350 കോടി രൂപയുടെ കച്ചവടം നടത്തി വരുന്നു. കാർഷിക മൊത്ത വ്യാപാര വിപണികളും ജില്ലാ സംഭരണ വിപണന കേന്ദ്രങ്ങളും, വി.എഫ്.പി.സി.കെ യുടെ സ്വാശ്രയ വിപണികളും കർഷകർക്ക് ന്യായവില

ലഭിക്കുന്നതിനു വേണ്ടി പ്രവർത്തിക്കുന്ന വിപണികളായതിനാൽ സർക്കാരിന് പ്രത്യേകിച്ച് ലാഭം ഉണ്ടാകുന്നില്ല. ഹോർട്ടികോർപ്പ് പച്ചക്കറികൾ സംഭരിക്കുന്ന വിലയേക്കാൾ കുറഞ്ഞ നിരക്കിൽ വിപണനം നടത്തുന്നതിനാൽ നിലവിൽ ലാഭം ലഭിക്കുന്നില്ല.

സി) പ്രസ്തുത സ്ഥാപനങ്ങളിൽ എവിടെയെല്ലാമാണ് ആരോഗ്യത്തിന് ഹാനികരമല്ലാത്തതും ജൈവകൃഷിയിലൂടെ ഉല്പാദിപ്പിക്കപ്പെട്ടതും ന്യായവിലയ്ക്ക് ലഭിക്കുന്നതുമായ പച്ചക്കറികളും കാർഷികോൽപ്പന്നങ്ങളും ലഭിക്കുന്നതെന്ന് അറിയിക്കുമോ;

സി) സർക്കാർ നിയന്ത്രണത്തിലുള്ള 6 കാർഷിക മൊത്ത വ്യാപാര വിപണികളിലും, 5 ജില്ലാ സംഭരണ വിപണന കേന്ദ്രങ്ങളിലും കർഷകർ ഉല്പാദിപ്പിക്കുന്നതും, ആരോഗ്യത്തിന് ഹാനികരമല്ലാത്തതുമായ പച്ചക്കറികളാണ് വിപണനം നടത്തുന്നത്. വി.എഫ്.പി.സി.കെ യുടെ അംഗങ്ങളായുള്ള കർഷകരുടെ കൂട്ടായ്മയായ സ്വാശ്രയ കർഷക സംഘങ്ങൾ മുഖാന്തിരമാണ് പച്ചക്കറികൾ കൃഷി ചെയ്യുന്നതും, വിപണനം നടത്തുന്നതും, "സേഫ് ടു ഈറ്റ്" തത്ത്വമനുസരിച്ച് രാസകീടനാശിനികളുടെയും, രാസവളങ്ങളുടെയും ഉപയോഗം ഒഴിവാക്കി, പരമാവധി ജൈവകൃഷി മുറകൾ അനുവർത്തിച്ച് ഗുണമേന്മയുള്ള പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ഡി) ഇവയിൽ ആലപ്പുഴ ജില്ലയിലെ വിവിധ മേഖലകളിലുള്ള സ്ഥാപനങ്ങൾ ഏതെല്ലാമെന്നും പ്രസ്തുത സ്ഥാപനങ്ങളിലെ വിലനിലവാരം എത്രയെന്നും വിശദമാക്കാമോ?

ഡി) കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ ഒരു ജില്ലാ സംഭരണ വിപണന കേന്ദ്രം കോടൻതുരുത്തിൽ പ്രവർത്തിക്കുന്നുണ്ട്. വി.എഫ്.പി.സി.കെ യുടെ 12 വിപണികൾ തഴക്കര, നൂറനാട്, താമരക്കുളം, ചെറിയനാട്, വെൺമണി, മാരാരിക്കുളം, വള്ളിക്കുന്നം, ചേർത്തല സൗത്ത്/കരപ്പുറം, എടത്വാ, രാമങ്കരി, പള്ളിപ്പുറം/തൈക്കാട്ടുശ്ശേരി, പള്ളപ്പാട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്.
ഹോർട്ടികോർപ്പിന്റെ 2 സംഭരണ വിപണന കേന്ദ്രങ്ങൾ ആലപ്പുഴയിലും മാവേലിക്കരയിലും പ്രവർത്തിക്കുന്നുണ്ട്.
കാർഷിക ഉൽപ്പന്നങ്ങളുടെ വിലനിലവാരത്തിൽ ഓരോ ദിവസവും മാറ്റം ഉണ്ടാകുന്നു.
കോടൻതുരുത്ത് ജില്ലാ സംഭരണ കേന്ദ്രത്തിലും, വി.എഫ്.പി.സി.കെയുടെ സ്വാശ്രയ വിപണികളിലും ലേലത്തിലൂടെയാണ് വില നിശ്ചയിച്ച് വിപണനം നടത്തുന്നത്. സമീപത്തുള്ള വിവിധ വിപണികളുടെ വില താരതമ്യപ്പെടുത്തിയാണ് അടിസ്ഥാന വില നിശ്ചയിക്കുന്നത്.

സെക്ഷൻ ഓഫീസർ